**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊച്ചി കോർപ്പറേഷന്റെ പുതിയ ഓഫീസ് കെട്ടിട നിർമ്മാണം - പ്ലാൻ ഫണ്ടിലെ പശ്ചാത്തലമേഖലയിൽ നിന്ന് തുക കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.707/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം,15/03/2018

പരാമർശം :- (1) സ.ഉ.(സാധാ) 1411/2015/തസ്വഭവ തീയതി 13.05.2015.

(2) കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ 17.02.2018 ലെ CCPC2-MOE-1993/17 നമ്പർ കത്ത്.

(3) നഗരകാര്യ ഡയറക്ടറുടെ 07.03.2018 ലെ ഡി.സി4-5585/18 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി കോർപ്പറേഷന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 2004 SOR പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കുകയും വർക്ക് ടെണ്ടർ ചെയ്ത് 17.04.2006 ൽ കരാറുകാരന് നൽകുകയും ചെയ്തിരുന്നു. കരാറുകാരൻ പ്രവൃത്തി ആരംഭിച്ചെങ്കിലും ഇടയ്ക്ക് നിർത്തിവച്ചതിനെ തുടർന്ന് 2012 SOR പ്രകാരം ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 25% അധികരിച്ച നിരക്ക് കൂടി അനുവദിച്ച് ടി കരാറുകാരനെ കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുവാൻ കോർപ്പറേഷൻ തീരുമാനിച്ചു പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 25% ടെണ്ടർ എക്സസ് അനുവദിക്കുകയും ടി തുക കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് കണ്ടെത്തുന്നതിന് ഉത്തരവാകുകയും ചെയ്തു.

(2) 2017-18 ലെ പദ്ധതി ഭേദഗതിയിൽ ഉൾപ്പെടുത്തി ടി പ്രോജക്റ്റിന് (പ്രോജക്റ്റ് നമ്പർ എസ്. 1810/18) 1,20,00,000/- രൂപ വകയിരുത്തി ഫണ്ട് അനുവദിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും, കോർപ്പറേഷന്റെ തനത് ഫണ്ട് വരുമാനത്തിൽ നിലവിൽ ഗണ്യമായി കുറവു വന്നിട്ടുള്ള സാഹചര്യത്തിൽ തനത് ഫണ്ട് മാത്രം ഉപയോഗിച്ച് പുതിയ ഓഫീസ് നിർമ്മാണം നടത്തുവാൻ സാധിക്കാത്ത സാഹചര്യമാണെന്നും, ആയതിനാൽ ഡി.പി.സി.അംഗീകാരം ലഭിച്ച പ്രസ്തുത പ്രോജക്റ്റിന് 1,20,00,000/- രൂപ പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം കൊച്ചി കോർപ്പറേഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. ടി തുക പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി കോർപ്പറേഷന്റെ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 2017-18 ലെ പദ്ധതി ഭേദഗതിയിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രസ്തുത പദ്ധതിക്കായി പ്ലാൻ ഫണ്ടിലെ പശ്ചാത്തല മേഖലയിൽ നിന്ന് 1,20,00,000 രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി.,
ഡെപ്യൂട്ടി സെക്രട്ടറി.

മേയർ, കൊച്ചി കോർപ്പറേഷൻ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എ.